milma

**KERALA CO-OPERATIVE MILK MARKETING FEDERATION LTD.**
**CATTLE FEED PLANT, PATTANAKKAD P.O, ALAPPUZHA – PIN 688 531**
**Tel: 0478-2831100, 2831122, 2831112-124, E-mail: cfp@milma.com**
**GST NO32AAAAK5375M1ZG**

CFPT/PE/BOILER/2025-26 24/01/2026

# ക്വട്ടേഷൻ നോട്ടീസ്

പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറിയിലെ ബോയിലർ ഹൗസിലുള്ള ബോയിലറുകളിൽ ചിരട്ട, വിറക്, ബ്രിക്കറ്റ്സ് കോരിയിട്ടു കത്തിക്കുന്ന ജോലി ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഏറ്റെടുക്കുവാൻ താൽപര്യമുള്ളവരിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

1) കാലിത്തീറ്റ ഫാക്ടറിയിലെ ബോയിലർ പ്ലാന്റിൽ കൊണ്ടുവന്ന് സൂക്ഷിച്ചിരിക്കുന്ന ബ്രിക്കറ്റ്സ്, ചിരട്ട, വിറക് ഇവ ബോയിലറിൽ, ഫാക്ടറിയുടെ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യത്തിനനുസരിച്ച് കോരി ഇടേണ്ടതാണ്.

2) ബോയിലർ പ്ലാന്റിനടുത്തായി സംഭരിച്ചുവെച്ചിട്ടുള്ള ചിരട്ട, വിറക്, ബ്രിക്കറ്റ്സ് ഇവ ഫാക്ടറി പ്രവർത്തിക്കുന്ന എല്ലാ ദിവസങ്ങളിലേയും എല്ലാ ഷിഫ്റ്റിലും ബോയിലറിനടുത്തേക്കു കൊണ്ടുപോയി കൃത്യമായ അളവിൽ ചൂളയിൽ കോരി ഇടുന്ന ജോലിയാണ് കരാറുകാരൻ നിർവ്വഹിക്കേണ്ടതായിട്ടുള്ളത്. ഈ ജോലി നിർവ്വഹിക്കുന്നതിനു നിയോഗിക്കുന്ന ജോലിക്കാർക്കുള്ള പ്രതിഫലമായി കരാറുകാരന് ഒരു മാസം ലഭിക്കേണ്ടതായ ആകെ വേതനമാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനായിരിക്കും സ്വീകരിക്കുക.

3) കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികളുമായി ഫാക്ടറി മാനേജ്മെന്റിന് യാതൊരു തൊഴിൽ ബന്ധങ്ങളും ഉണ്ടായിരിക്കുന്നതല്ല. കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ESI, EPF തുടങ്ങിയ എല്ലാ നിയമപരമായ ആനുകൂല്യങ്ങളും/കോമ്പൻസേഷനുകളും നൽകുന്നത് കരാറുകാരന്റെ ബാധ്യതയായിരിക്കും. അപ്രകാരമുള്ള നിയമപരമായ ബാധ്യതകൾ നിറവേറ്റുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായാൽ ആയത് നിറവേറ്റുന്നതിനാവശ്യമായ തുക കരാറുകാരന് നൽകുന്ന പ്രതിഫലത്തിൽ നിന്നും കിഴിവ് ചെയ്യുന്നതിനും ബാക്കിയുള്ള തുകയ്ക്കുള്ള ബില്ലുകൾ മാത്രം പാസ്സാക്കി നൽകുന്നതിനും മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

4) ബോയിലറിൽ ചിരട്ട/ബ്രിക്കറ്റ്സ്/വിറക് കോരി ഇടുന്നത് ഫാക്ടറിയുടെ പ്രവർത്തനത്തിന് ആവശ്യമായ നീരാവി ഉല്പാദിപ്പിക്കുന്നതിന് വേണ്ടിയാണ്. ഈ ജോലിയുടെ രീതി ഫാക്ടറിയുടെ ദൈനംദിന പ്രവർത്തനത്തിനനുസരിച്ച് കൂടാനോ കുറയാനോ സാധ്യതയുണ്ട്. മൂന്നു ഷിഫ്റ്റുകളിൽ എല്ലാപ്രവൃത്തി ദിവസങ്ങളിലും ഉല്പാദനം നടത്തുന്ന പ്ലാന്റിലേക്ക് ആവശ്യമായ നീരാവി നൽകുന്നതിനായി ബോയിലറുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ബ്രിക്കറ്റ്സ്/ചിരട്ട/വിറക് വാരിയിട്ടു കത്തിക്കുന്നതിനുള്ള കരാർ തുകയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.

തുടർച്ച................2

5) ഫാക്ടറിയുടെ പ്രവർത്തനം ഒരു ഷിഫ്റ്റിലേയ്ക്ക് മാത്രം നടക്കുന്ന കാലയളവിൽ കരാർ തുകയുടെ മൂന്നിലൊന്നും രണ്ടു ഷിഫ്റ്റ് പ്രവർത്തന കാലയളവിൽ കരാർതുകയുടെ മൂന്നിൽ രണ്ടും മൂന്നു ഷിഫ്റ്റ് പ്രവർത്തനമുള്ളപ്പോൾ മുഴുവൻ കരാർ തുകയുമായിരിക്കും നൽകുന്നത്. ഉൽപ്പാദനം എടുക്കാത്ത മെയിന്റനൻസ് ഷിഫ്റ്റുകളിൽ കരാറുകാരന്റെ ജീവനക്കാർ ഷിഫ്റ്റ് എൻജിനീയർ പറയുന്ന മെയിന്റനൻസ് ജോലികളോ മറ്റ് ആവശ്യമായ ജോലികളും ചെയ്യേണ്ടതാണ്.

6) ഏതെങ്കിലും പ്രത്യേക സാഹചരത്തിൽ ഒന്നിൽ കൂടുതൽ ദിവസങ്ങൾ തുടർച്ചയായി ഫാക്ടറിയിൽ ഉൽപ്പാദനം എടുക്കാൻ സാധിക്കാതെ വരുന്നപക്ഷം മാനേജ്മെന്റ് കരാറുകാരനെ അറിയിക്കുന്നതനുസരിച്ച് ഫാക്ടറിയിൽ നിന്ന് തൊഴിലാളികളെ ഒഴിവാക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. അപ്രകാരം ജോലിയിൽ നിന്നും ഒഴിവാകുന്ന ദിവസങ്ങൾക്ക് വേതനത്തിനോ മറ്റ് എന്തെങ്കിലും ആനുകൂല്യങ്ങൾക്കോ കരാറുകാരന് അർഹതയുണ്ടായിരിക്കുന്നതല്ല.

7) ബോയിലർ റൂമും, സ്ക്രബ്ബർ റൂമും ദിവസേന അടിച്ചു വൃത്തിയാക്കുന്ന ജോലിയും ബോയിലർ ഹൗസ് വൃത്തിയായി സൂക്ഷിക്കുന്നതിനാവശ്യമായ മറ്റു ജോലികളും കരാറുകാരന്റെ ജീവനക്കാർ നിർവ്വഹിക്കേണ്ടതാണ്. അതുപോലെ ബോയിലർ ഫർണസിൽ നിന്നുള്ള ചാരം എല്ലാ ദിവസവും വാരി നിർദ്ദേശിക്കുന്ന സ്ഥലത്തേക്കു മാറ്റേണ്ടതാണ്.

8) അവധി ദിവസം കഴിഞ്ഞു തുടങ്ങുന്ന ഷിഫ്റ്റുകളിൽ ഷിഫ്റ്റാരംഭത്തിന് 1 മണിക്കൂർ മുൻപായി കരാറുകാരന്റെ ജീവനക്കാരൻ ജോലിക്കെത്തേണ്ടതും ഷിഫ്റ്റാരംഭത്തിൽ ഉല്പാദനത്തിനായി ബോയിലർ പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

9) ചിരട്ട/വിറക്/ബ്രിക്കറ്റ്സ് എന്നിവ നനവു തട്ടാത്ത വിധത്തിൽ ടാർപോളിൻ കൊണ്ടു പൊതിഞ്ഞു സൂക്ഷിക്കേണ്ടതാണ്.

10) ബോയിലറിന്റെ പുകക്കുഴലിന്റെ അടിഭാഗത്ത് അടിഞ്ഞുകൂടുന്ന കരി ആഴ്ചയിൽ ഒരു ദിവസമെങ്കിലും പുകക്കുഴലിന് അടിയിലെ വാതിൽ തുറന്ന് ക്ളീൻ ചെയ്യേണ്ടതാണ്.

11) ബ്രിക്കറ്റ്സ് സൂക്ഷിച്ച ഭാഗത്ത് അടിഞ്ഞുകൂടുന്ന പൊടി സമയാസമയം അടിച്ചു വാരി ചാക്കിൽ നിറച്ച് കെട്ടി വെയ്ക്കേണ്ടതാണ്.

12) കരാറുകാരൻ കരാർ ജോലി താമസിപ്പിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നതു മൂലം എന്തെങ്കിലും നഷ്ടം ഫാക്ടറിക്ക് ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് മാനേജ്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

13) പാൻ സംബന്ധമായ രേഖകൾ സമർപ്പിച്ചാൽ മാത്രമേ ബിൽ തുക മുഴുവനായും ലഭിക്കുകയുള്ളൂ.

14) ഈ കരാറിന്റെ കാലാവധി കരാർ നൽകുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്കായിരിക്കും.

തുടർച്ച................3

15) എന്നാൽ കരാറുകാരൻ ചെയ്യുന്ന ജോലികളിൽ എന്തെങ്കിലും അതൃപ്തിയുള്ള പക്ഷം കരാർ റദ്ദു ചെയ്യുവാൻ ഫാക്ടറി മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. അതുപോലെ എന്തെങ്കിലും കാരണത്താൽ കരാർ തുടർന്ന് കൊണ്ട് പോകുന്നതിന് കരാറുകാരന് താൽപര്യമില്ലാതെ വരുന്ന പക്ഷം രണ്ടു മാസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതിന് കരാറുകാരനും അവകാശമുണ്ടായിരിക്കുന്നതാണ്.

16) ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ Rs.5000/- നിരതദ്രവ്യമായി അടച്ച രസീത് ക്വട്ടേഷനോടൊപ്പം വെയ്ക്കേണ്ടതാണ്. ക്വട്ടേഷൻ ഉറപ്പിച്ചശേഷം മറ്റുള്ളവരുടെ നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്.

**17) കവറിലാക്കി സീൽ ചെയ്ത ക്വട്ടേഷൻ 05/02/2026 ന് ഉച്ചയ്ക്ക് 2:00 മണിക്ക് മുമ്പായി മാനേജർ, കാറ്റിൽ ഫീഡ് പ്ലാന്റ്, പട്ടണക്കാട് എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അന്നുതന്നെ 3:30 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.**

18) കരാർ ഉറപ്പിച്ചു നൽകിയാൽ കരാറുകാരൻ സെക്യൂരിറ്റി തുകയായി 5000/ (അയ്യായിരം രൂപ മാത്രം) ഫാക്ടറി ഓഫീസിൽ അടക്കേണ്ടതും 500/ രൂപയുടെ മുദ്രപത്രത്തിൽ ഫാക്ടറിയുമായി നിർദ്ദിഷ്ട നിബന്ധനകൾ ഉൾക്കൊള്ളിച്ച് ഒരു എഗ്രിമെന്റ് വെയ്ക്കേണ്ടതുമാണ്.

19) ഏത് ക്വട്ടേഷനും സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ആവശ്യമെങ്കിൽ റീ ടെൻഡർ ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം ഫാക്ടറി മാനേജരിൽ നിക്ഷിപ്തമായിരിക്കും.

20) ക്വട്ടേഷൻ സംബന്ധിച്ച് വല്ല തർക്കവുമുണ്ടായാൽ ഫാക്ടറി മാനേജർ കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും.

Soumya R Nair
Digitally signed by Soumya R Nair
Date: 2026.01.24 14:28:13 +05'30'

**മാനേജർ**

R Venunath
Digitally signed by R Venunath
Date: 2026.01.24 14:23:42 +05'30'

24/01/2026ൽ CFPT/PE/560/BOILER/2025-26 നമ്പരിൽ പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറി മാനേജർ പ്രസിദ്ധീകരിച്ച ക്വട്ടേഷൻ നോട്ടീസ് പ്രകാരം, ഒരു വർഷ കാലയളയിൽ ബോയിലർ ഹൗസിലെ ബോയിലറിന് ആവശ്യമായ ചിരട്ട/വിറക്/ബ്രിക്കറ്റ് ഇവ കോരിയിട്ട് കത്തിക്കുന്ന ജോലി കരാർ അടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ.

1) ക്വട്ടേഷൻ നൽകുന്ന ആളുടെ/ സ്ഥാപനത്തിന്റെ പേരും മേൽവിലാസവും }

2) ESI/EPF രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ }

3) Telephone No.
Land Phone
Mobile }

4) നിരദദ്രവ്യം അടച്ച വിവരങ്ങൾ: Receipt No_____________ തീയതി _____________

5) പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിലെ ബോയിലറിലേയ്ക്ക് ചിരട്ട/വിറക്/ബ്രിക്കറ്റ് ഇവ കോരിയിട്ട് കത്തിക്കുന്ന ജോലി മൂന്ന് ഷിഫ്റ്റുകളിലായി ഒരു മാസം ____________ രൂപയ്ക്ക് ക്വട്ടേഷനിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ചെയ്യുവാൻ ഞാൻ തയ്യാറാണ്.

**ക്വട്ടേഷൻ സമർപ്പിക്കുന്ന ആളിന്റെ പേരും ഒപ്പും**

തീയതി :